# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സഹകരണ ഓഡിറ്റ്</u>

2297 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 കേരള സഹകരണ സംഘം നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് പൂർത്തീകരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) പ്രസ്തുത നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിഭാഗം പുന:സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) സഹകരണ ഓഡിറ്റ് മാന്വൽ അവഗണിച്ച്, വേണ്ടത്ര പരിശോധന നടത്താതെ ഓഡിറ്റ് സമകാലികമാക്കുവാൻ വേണ്ടി ആഡിറ്റ് വിഭാഗത്തിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ഡി) സഹകരണ വകുപ്പിന് കീഴിൽ 2012-13 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കാത്ത എത്ര സംഘങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സഹകരണ നിയമ ഭേദഗതി പുനഃപരിശോധിക്കാൻ നടപടി</u>

2298 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതിയുടെ പ്രസക്ത ഭാഗങ്ങൾ ഗുജറാത്ത് ഹൈക്കോടതി റദ്ദ് ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വരുത്തിയ 2013-ലെ കേരള സഹകരണ സംഘം നിയമഭേദഗതി പുനഃപരിശോധിക്കുമോ;

(സി) മേൽ ഭേദഗതിക്കനുസൃതമായി സഹകരണ സംഘം രജിസ്ട്രാർ പുറത്തിറക്കിയ സർക്കുലർ നമ്പർ 13/2013 പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സഹകരണബാങ്കുകൾക്ക് സർക്കാർ ഓഹരി</u>

2299 ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകൾക്ക് സർക്കാർ ഓഹരി അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) എത്ര കോടി രൂപയാണ് പ്രസ്തുത ഇനത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഏതെല്ലാം ബാങ്കുകൾക്കാണ് ഓഹരി അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണത്തിലൂടെയുള്ള നേട്ടങ്ങൾ</u>

2300 ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപസമാഹരണത്തിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്;

(ബി) എത്ര രൂപയാണ് സമാഹരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിലൂടെ എത്ര രൂപ സമാഹരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) നിക്ഷേപ സമാഹരണത്തിൽ ഉണ്ടായ നേട്ടങ്ങൾക്ക് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്;

(ഇ) ഇതിനായി ഏതെല്ലാം തരം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് സഹകരിച്ചത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

സഹകരണമേഖലയിലെ ഫണ്ട് സ്വകാര്യസ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിന് നിയന്ത്രണം

2301 ശ്രീ. പി.കെ. ബഷീർ
,, കെ.എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലെ മിച്ചഫണ്ട് സ്വകാര്യസ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) സഹകരണ മേഖല അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി നീങ്ങാതിരിക്കാൻ എന്തൊക്കെ നിയന്ത്രണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സഹകാരികൾക്ക് ഗുണകരമായി പ്രവർത്തിക്കാൻ ബാധ്യതപ്പെട്ട ഇത്തരം സ്ഥാപനങ്ങൾ സഹകാരികളുടെയും സർക്കാരിൽനിന്നുള്ളതുമായ പണം ദുർവിനിയോഗം ചെയ്ത്, ഭാരവാഹികൾ സമ്പന്നരായി മാറുന്നത് ഒഴിവാക്കാൻ ആവശ്യമായ കർശനനിയന്ത്രണ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>നിക്ഷേപ സുരക്ഷാ ഫണ്ട്</u>

2302 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആര്‍. സെല്‍വരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിക്ഷേപ സുരക്ഷാ ഫണ്ട് ബോര്‍ഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ബോര്‍ഡിന്റെ പ്രവര്‍ത്തനങ്ങള്‍ വഴി കൈവരിക്കാനുദ്ദേശിക്കന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങള്‍ക്ക് സുരക്ഷിതത്വം ഉറപ്പാക്കാന്‍ എന്തെല്ലാം കാര്യങ്ങളാണ് ബോര്‍ഡിന്റെ പ്രവര്‍ത്തനത്തില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സഹകരണ സംഘത്തിലെ നിക്ഷേപങ്ങള്‍ക്കാണ് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>കേരള സഹകരണ റിസ്ക് ഫണ്ട്</u>

2303 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്നുമുതലാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വായ്പകളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം വയനാട് ജില്ലയിൽ എത്ര വായ്പകൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട് എന്നതിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>

2304 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം ലോൺ എടുത്ത ആൾ മരണമടഞ്ഞതിനെതുടർന്ന് ലോൺ കുടിശ്ശിക തുക എഴുതി തള്ളുന്നതിന് കുട്ടനാട്ടിൽനിന്ന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകൾ പ്രകാരം ലോൺ കുടിശ്ശിക എഴുതി തള്ളുന്നതിനും ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

സഹകരണ ബാങ്കുകളിലെ ക്ലാസിഫിക്കേഷന്‍ നടപടി

2305 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാസിഫിക്കേഷന്‍ സംബന്ധിച്ച് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) ക്ലാസിഫിക്കേഷന്‍ നടപടികള്‍ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ക്ലാസിഫിക്കേഷന്‍ വൈകുന്നതിന്റെ ഫലമായി നിയമനം പ്രതീക്ഷിക്കുന്ന ഉദ്യോഗാര്‍ത്ഥികളുടെ തൊഴിലവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ഡി) ജില്ലാ സഹകരണ ബാങ്കിലെ ക്ലാര്‍ക്ക് നിയമന റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും ഈ റാങ്ക് ലിസ്റ്റില്‍ നിന്നും എത്രപേരെ നിയമിച്ചുവെന്നും അറിയിക്കുമോ;

(ഇ) ഇനി എത്ര വേക്കന്‍സി നിലവിലുണ്ട്; ഇവയില്‍ എന്നത്തേക്ക് നിയമന ശുപാര്‍ശയുണ്ടാകുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സഹകരണ ഭവൻ</u>

2306 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് തിരുവനന്തപുരത്ത് നിർമ്മിക്കുന്ന ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) മന്ദിരത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) മന്ദിരത്തിന്റെ നിർമ്മാണത്തിനായി സഹകരണസ്ഥാപനങ്ങളിൽ നിന്നും സഹകരണ വകുപ്പു ജീവനക്കാരിൽ നിന്നും സംഭാവനയായി എന്തു തുക പിരിച്ചെടുത്തു; വ്യക്തമാക്കാമോ;

(ഡി) മന്ദിര നിർമ്മാണത്തിന്റെ അടങ്കൽ തുക എത്ര; ഇതിൽ സർക്കാർ വിഹിതം എത്ര; സംഭാവന വഴി ശേഖരിച്ചത് എത്ര; വിശദമാക്കാമോ;

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

സഹകരണസംഘങ്ങളിലെ തെരഞ്ഞെടുപ്പ്

2307

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച ശേഷം എത്ര സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് മാറ്റിവച്ചിട്ടുണ്ട്; അവയുടെ പേരുവിവരവും മാറ്റിവെക്കാനിടയായ സാഹചര്യവും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ അന്യായമായി തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കുന്നതു തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>വായ്പാ പലിശ എഴുതിത്തള്ളൽ</u>

2308 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകൾ വഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശ ഇനത്തിൽ 2013-ൽ ചെറുകിട കർഷകർക്ക് എന്ത് തുകയാണ് എഴുതിതള്ളിയതെന്നറിയിക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കാർഷികഗ്രാമ വികസന ബാങ്ക് പ്രതിമാസ സമ്പാദ്യ പദ്ധതി</u>

2309 ശ്രീ. അൻവർ സാദത്ത്
'' ആർ. സെൽവരാജ്
'' ജോസഫ് വാഴക്കൻ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിമാസ സമ്പാദ്യപദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്ത് തുകയുടെ ഫണ്ട് സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ ഗ്രാമവികസന ബാങ്ക് പദ്ധതികൾ</u>

2310 ശ്രീ. എ. റ്റി. ജോർജ്
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് കർഷകർക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നടപ്പ് സാമ്പത്തികവർഷം കർഷകർക്ക് വായ്പ നൽകുന്നതിന് എത്ര കോടി രൂപയാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കർഷകർക്കുള്ള വായ്പാ പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കിന് എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണസംഘങ്ങൾ കാർഷികവായ്പ നൽകുന്നതിന് വിലക്ക്</u>

2311 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷികവായ്പ നൽകുന്നതിൽനിന്നും പ്രാഥമിക സഹകരണസംഘങ്ങളെ വിലക്കിക്കൊണ്ട് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഇക്കാര്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് കാർഷിക, സഹകരണമേഖലയിൽ പ്രവർത്തിക്കുന്നവർ സർക്കാരിൽ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൻമേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

എസ്.സി/എസ്.ടി. സഹകരണ സംഘങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

2312 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ജില്ലാ പഞ്ചായത്തുകൾ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) തുടർച്ചയായി 3 വർഷം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കേ ഇത്തരം ആനുകൂല്യം നൽകാറുള്ളൂ എന്ന് വ്യവസ്ഥയുണ്ടോ;

(സി) ഇപ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എത്രയാണെന്നു പറയാമോ;

(ഡി) പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ട് എന്നറിയിക്കുമോ;

(ഇ) നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തി സഹകരണ സംഘങ്ങൾക്ക് ഓരോ വർഷവും ഒരു നിശ്ചിത തുക ടാർജറ്റ് നൽകി ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക ആനുകൂല്യം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

എസ്.സി./എസ്.റ്റി. സഹകരണസംഘങ്ങൾ

2313 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ നൽകിയിട്ടുള്ള സഹായങ്ങൾ എന്തെല്ലാമാണെന്ന് പറയുമോ; മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറുകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ദീർഘകാലമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ലാത്ത സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുമോ;

(സി) എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാർ അടക്കമുള്ള ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളം ആയിരം രൂപ മുതൽ 5000 രൂപവരെയാണെന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവരുടെ ശമ്പളം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങളെ പ്രാഥമിക സഹകരണസംഘങ്ങളുടെ പട്ടികയിൽപ്പെടുത്തുവാൻ നടപി സ്വീകരിക്കുമോ;

(ഇ) എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾക്ക് നബാർഡ് വഴിയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള റിവൈവൽ ഫണ്ട്

2314 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നിലവിൽ നൽകിവരുന്ന റിവൈവൽ ഫണ്ട് എത്ര രൂപയാണ്; ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; റിവൈവൽ ഫണ്ട് അഞ്ച് ലക്ഷമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നൽകിവരുന്ന റിവോൾവിംഗ് ഫണ്ട് 10 ലക്ഷമായി ഉയർത്തി സ്വാശ്രയ ഗ്രൂപ്പുകൾക്ക് വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡ് വഴി വിലനിയന്ത്രണം</u>

2315 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിസ്മസ് - പുതുവൽസരക്കാലത്ത് വിപണിയിൽ ഇടപെടുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനും കൺസ്യൂമർ ഫെഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്നതിന് കൺസ്യൂമർ ഫെഡിന് സർക്കാർ എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കഴിഞ്ഞ ക്രിസ്മസ് - പുതുവൽസരക്കാലത്ത് വിപണി വിലയേക്കാൾ എന്ത് തുക വില വ്യത്യാസത്തിലാണ് കൺസ്യൂമർ ഫെഡ് നിത്യോപയോഗ സാധനങ്ങൾ നൽകിയത് എന്ന് വിലവിവരപട്ടിക സഹിതം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡിൽ അഴിമതി</u>

2316 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിമതിയുമായി ബന്ധപ്പെട്ട് കൺസ്യൂമർ ഫെഡിൽ ഏതെങ്കിലും ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്കെതിരെയെന്ന് വ്യക്തമാക്കുമോ ;

(ബി) വിജിലൻസ് നടത്തിയ റെയ്ഡിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡിൽ അഴിമതി നടക്കുന്നതായി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ;

(സി) കൺസ്യൂമർ ഫെഡിൽ നടത്തിയ റെയ്ഡിനെത്തുടർന്ന് എന്തെങ്കിലും തരത്തിലുള്ള അസ്വസ്ഥതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർഫെഡിന് അനുവദിച്ച സബ്സിഡി തുക</u>

2317 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ക്രിസ്തുമസ് കാലത്ത് ഏതെല്ലാം സാധനങ്ങളാണ് കൺസ്യൂമർഫെഡുവഴി സബ്സിഡിയിൽ നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) വിലയിലുള്ള സബ്സിഡി ഇപ്പോഴും നിലനിൽക്കുന്നുണ്ടോ;

(സി) കൺസ്യൂമർഫെഡ് വിറ്റഴിക്കുന്ന സാധനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് എത്ര രൂപയുടെ സഹായമാണ് സർക്കാർ നൽകിയതെന്നും ഈ തുക മുഴുവൻ വകുപ്പ് ചെലവഴിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) 2012-13 വർഷം നൽകിയതിനേക്കാൾ കൂടിയ തുക സബ്സിഡിക്കായി ഈ വർഷം (2013-14) വകയിരുത്തിയോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ത്രിവേണി - നന്മ സ്റ്റോറുകളുടെ പ്രവർത്തനം</u>

2318 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്റ്റോറുകൾ വഴി ഇപ്പോൾ സബ്സിഡി സാധനങ്ങൾ കിട്ടാത്ത സാഹചര്യത്തിന് കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) കൺസ്യൂമർ ഫെഡിന് സാധനങ്ങൾ സപ്ലൈ ചെയ്ത വകയിൽ ആർക്കെല്ലാമാണ് പണം നൽകാനുളളതെന്നും എത്ര തുകയാണ് നൽകാനുളളതെന്നും അറിയിക്കുമോ;

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കായംകുളം മണ്ഡലത്തിലെ സഞ്ചരിക്കുന്ന ത്രിവേണി സൂപ്പര്‍ മാര്‍ക്കറ്റിന്റെ വിറ്റുവരവ്

2319

ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തില്‍ അനുവദിച്ചിട്ടുള്ള സഞ്ചരിക്കുന്ന ത്രിവേണി സൂപ്പര്‍ മാര്‍ക്കറ്റിന്റെ നാളിതുവരെയുള്ള പ്രതിമാസ വിപണനം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തില്‍ ഏതൊക്കെ കേന്ദ്രങ്ങളിലാണ് നിലവില്‍ സഞ്ചരിക്കുന്ന ത്രിവേണി സൂപ്പര്‍ മാര്‍ക്കറ്റിന്റെ സേവനം ലഭ്യമാകുന്നത്?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനങ്ങൾ

2320 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനങ്ങളിലേയ്ക്ക് ഏതൊക്കെ തസ്തികകളിലെ റാങ്ക് ലിസ്റ്റുകളാണ് നിലവിലുളളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുളള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്രപേരെ വീതം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുളളപ്പോൾ ലിസ്റ്റിൽ നിന്നല്ലാതെ ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം നടത്തുന്നുണ്ടോ;

(ഡി) കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നല്ലാതെ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നിയമനം നടത്തിയിട്ടുണ്ടോയെന്നറിയിക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജിന്
പുതിയ കോഴ്സുകൾ</u>

2321 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിലുള്ള തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ജില്ലയിലെ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ദൗർലഭ്യം കണക്കിലെടുത്ത് പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് എഞ്ചിനീയറിംഗ് കോളേജ്</u>

2322 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാഡമി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്;

(സി) കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്ര കോടിയാണെന്നും നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഡി) ആർക്കാണ് കരാർ നൽകിയതെന്ന് അറിയിക്കുമോ;

(ഇ) ഗ്രീൻബെൽറ്റ് സോണിൽ നിന്നും എക്സംപ്ഷൻ ലഭ്യമായിട്ടുണ്ടോ;

(എഫ്) കോളേജ് നിർമ്മാണത്തിനായുള്ള തുക കണ്ടെത്തിയിട്ടുണ്ടോ; ബഡ്ജറ്റ് വിഹിതം ഉണ്ടായിരുന്നുവോ; വിശദമാക്കാമോ;

(ജി) നിർമ്മാണം പൂർത്തിയാക്കി എഞ്ചിനീയറിംഗ് കോളേജ് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ആശ്രിതനിയമനത്തിനായി ശ്രീമതി സരള സമർപ്പിച്ച അപേക്ഷ</u>

2323 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിൽ ഇരിങ്ങാലക്കുട അസി. രജിസ്ട്രാർ ഓഫീസിൽ ജോലിയിലിരിക്കെ കാണാതായ ശ്രീ. സദാനന്ദൻ, മുണ്ടയ്ക്കത്തുപറമ്പിൽ, പെരുമ്പി, ചിറങ്ങരയുടെ ഭാര്യ ശ്രീമതി സരള ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആശ്രിതനിയമനത്തിനായി അടിയന്തരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ഖാദിഗ്രാമവ്യവസായ ബോർഡ് നൽകിയ
വായ്പകൾക്ക് പലിശയിളവ്

2324 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദിഗ്രാമ വ്യവസായ ബോർഡ് നൽകിയ വായ്പയിൽ കാലപ്പഴക്കംചെന്ന വായ്പകൾ തിരിച്ചടയ്ക്കുന്നതിന് വായ്പയെടുത്തവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) രോഗബാധിതരായി വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വന്ന വായ്പക്കാർ മുഴുവൻ വായ്പത്തുകയും തിരിച്ചടയ്ക്കാൻ തയ്യാറായാൽ പലിശയിലും പിഴപ്പലിശയിലും ഇളവുകൾ അനുവദിക്കുമോ ?